പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 404 **13-10-2026-ൽ മറുപടിയ്ക്ക്**

തൃശ്ശൂർ ആളൂർ ഭാഗത്ത് പോലീസ് വാഹനം ഇടിച്ചുണ്ടായ അപകടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ ജില്ലയിലെ ആളൂർ കദളിച്ചിറ ഭാഗത്ത് വച്ച് 15.06.2026 തീയതിയിൽ ആളൂർ പിണിക്കപ്പറമ്പിൽ വീട്ടിൽ രാജു മകൻ ജ്യൂവിൻ, ആനത്തടം തയ്യിൽ വീട്ടിൽ പ്രദീപ് മകൻ അനന്തു എന്നീ വിദ്യർത്ഥികൾ സഞ്ചരിച്ചിരുന്ന ഇലക്ട്രിക് സ്കൂട്ടറിലേക്ക് തെറ്റായ ദിശയിൽ അമിത വേഗതയിൽ വന്ന പോലീസ് വാഹനം (KL 01 BW 6036) ഇടിച്ചു കയറി കുട്ടികൾക്ക് ഗുരുതരമായ പരിക്കുപറ്റുകയും ജ്യൂവിൻ പിന്നീട് മരണപ്പെടുകയുമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ DANSAF അംഗമായ സി.പി.ഒ 7910 ശ്രീജിത്ത് 15.06.2026 തീയതി 11 .35 മണിക്ക് KL-01 BW 6036 നമ്പർ ബൊലേറോ ജീപ്പിന്റെ ഡ്രൈവറായി ചുമതല വഹിച്ച് കിഴക്ക് പടിഞ്ഞാറായി കിടക്കുന്ന പോട്ട ഇരിങ്ങാലക്കുട പബ്ലിക് റോഡിൽ കിഴക്കു നിന്നും പടിഞ്ഞാറോട്ട് അതിവേഗതയിലും അശ്രദ്ധമായും മനുഷ്യജീവന് അപകടം വരത്തക്ക വിധം ഓടിച്ചു വന്ന് ആളൂർ കദളിച്ചിറ എന്ന സ്ഥലത്തുള്ള ആൻ മരിയ റോയൽ ഫർണിച്ചർ ആളൂർ എന്ന സ്ഥാപനത്തിനു മുൻവശം വച്ച് അതേ ദിശയിൽ മുന്നിലായി ജ്യൂവിൻ രാജു എന്നയാൾ കൂട്ടുകാരൻ അനന്തകൃഷ്ണനെ പുറകിൽ ഇരുത്തി നമ്പർ ഇടാത്ത ഇലക്ട്രിക്ക് സ്കൂട്ടർ ഓടിച്ചു വരവെ ശ്രീജിത്ത് ഓടിച്ചിരുന്ന വാഹനം പുറകിൽ ഇടിച്ച് അപകടമുണ്ടായതിനെ തു ടർന്ന് ജ്യൂവിൻ രാജുവിനും അനന്തുവിനും ഗുരുതരമായി പരിക്കേൽക്കുന്നതിന് ഇടയായിട്ടുണ്ട്. ജ്യൂവിൻ രാജുവിന്റെ അമ്മാവൻ സന്തോഷ് എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 15.06.2026 തീയതി ആളൂർ പോലീസ് സ്റ്റേഷൻ ക്രൈം 410/26 u/s 281, 125(a), 125(b) BNS ആയി കേസ് രജിസ്റ്റർ ചെയ്ത് കേസിന്റെ ആദ്യാന്വേഷണം ആളൂർ പോലീസ് സ്റ്റേഷനിൽ നടത്തിയിരുന്നതും തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ D1-37394/2026/R Dtd. 17.06.2026 പ്രകാരം 20.06.2026 തീയതി മുതൽ ഇരിങ്ങാലക്കുട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കേസിന്റെ തുടരന്വേഷണം ഏറ്റെടുത്തിട്ടുള്ളതും അന്വേഷണത്തിൽ പോലീസ് വാഹനം ഓടിച്ചിരുന്ന DHQ -ലെ DANSAF അംഗമായ CPO 7910 ശ്രീജിത്തിന്റെ അശ്രദ്ധ മൂലമാണ് അപകടം ഉണ്ടായിട്ടുള്ളതെന്ന് ബോധ്യം വന്നതിനാൽ അപകടത്തിനിടയാക്കിയ വാഹനം ഓടിച്ച ശ്രീജിത്തിന് 21.06.2026 തീയതി 35(1) (3) BNSS പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുള്ളതും തുടർന്ന് 22.06.2026 തീയതി 12.00 മണിക്ക് ഇരിങ്ങാലക്കുട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുമ്പിൽ ഹാജരായ ശ്രീജിത്തിനെ ചോദ്യം ചെയ്തിട്ടുള്ളതും ടിയാനെ ഈ കേസിലേക്ക് പ്രതി കോളത്തിൽ ചേർത്ത് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണം നടത്തി വരവേ, അപകടത്തിൽ പരിക്കു പറ്റിയ ജ്യൂവിൻ രാജു 23.06.2026 തീയതി മരണപ്പെടുകയും അന്നു തന്നെ ഈ കേസിലേക്ക് 106 BNS സെക്ഷൻ കൂട്ടിച്ചേർത്ത് അന്വേഷണം

നടത്തിയിട്ടുള്ളതുമാണ്. തുടർന്ന് 02.10.2026 തീയതി ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു.ചാലക്കുടി JFCM കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. ആളൂർ പേലീസ് സ്റ്റേഷൻ ക്രൈം 410/26 നമ്പർ കേസിൽ പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുള്ളതിനാൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ DI-37394/2026/R തീയതി 17.06.2026 പ്രകാരം അന്വേഷണ ചുമതല ഇരിങ്ങാലക്കുട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ഏൽപ്പിച്ചിട്ടുള്ളതും തുടർന്ന് പോലീസ് ഉദ്യോഗസ്ഥനായ ശ്രീജിത്തിന് 21.06.2026 തീയതി 35 (1) (3) BNSS പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുള്ളതും ടിയാനെ കേസിലേക്ക് പ്രതിചേർത്ത് അന്വേഷണം നടത്തിയിട്ടുള്ളതും കുറ്റപത്രം തയ്യാറാക്കി ബഹു. ചാലക്കുടി JFCM കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് ടിയാനെ 28.06.2026 തീയതി ജില്ലാ പോലീസ് മേധാവി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്.

പ്രസ്തുത പോലീസ് ഉദ്യോഗസ്ഥനെതിരെയുള്ള വകുപ്പുതല വാച്യാന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ H1-39833/2026/R തീയതി 02.07.2026 പ്രകാരം പുതുക്കാട് സർക്കിൾ ഇൻസ്പെക്ടർ നടത്തി വരികയാണ്.

(സി) പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ